

# വീരഞ്ചിറ
# സെന്റ് ജോസഫ് ഇടവക

പശ്ചിമഘട്ട മലനിരകളോടുചേർന്നു സമുദ്ര നിരപ്പിൽ നിന്ന് 300 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പ്രകൃതിരമണീയമായ പ്രദേശങ്ങളാണ് രണ്ടുകൈ, വീരഞ്ചിറ, മരുതുകുഴി, വാരൻകുഴി, അരിച്ചാൻ കുഴി, തുണ്ടുകാട് എന്നീ പ്രദേശങ്ങൾ. ആദിവാസി മേഖലകൂടിയായ ഈ പ്രദേശത്ത് കത്തോലിക്കാപള്ളി കൂടാതെ ഒരു യാക്കോബായപള്ളിയും ഒരു അമ്പലവുമുണ്ട്.

1965 വരെ ഇവിടത്തുകാരായ കത്തോലിക്കർ അവരുടെ ആദ്ധ്യാത്മിക കാര്യങ്ങൾക്ക് കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയേയും തുടർന്ന് 1967 വരെ പുളിങ്കര സെന്റ് മേരീസ് പള്ളിയേയും 1978 വരെ ചായ്പൻകുഴി സെന്റ് ആന്റണീസ് പള്ളിയേയും ആണ് ആശ്രയിച്ചിരുന്നത്.

## കുരിശുപള്ളി

1975-ൽ അരിച്ചാൻകുഴിയിൽ പുല്ലോക്കാരൻ അന്തോണി വർഗ്ഗീസ് ദാനം ചെയ്ത അര ഏക്കർ സ്ഥലത്ത് ഇവിടത്തുകാരായ 38 കത്തോലിക്കാകുടുംബങ്ങൾ ചേർന്ന് വി. യൗസേപ്പിതാവിന്റെ നാമധേയത്തിൽ ഒരു കുരിശുപള്ളി സ്ഥാപിച്ചു.

1976-ൽ പള്ളിക്കുവേണ്ടി ബഹു. ആന്റണി പുതുശ്ശേരിയച്ചന്റെ നേതൃത്വത്തിൽ 5 ഏക്കർ സ്ഥലം വാങ്ങുകയും 1977 നവംബർ 28-ാം തിയ്യതി അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവ് ദേവാലയത്തിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. അന്നത്തെ പുളിങ്കര പള്ളി വികാരി ബഹു. ജോൺ ചുങ്കത്ത് അച്ചനാണ് പള്ളിപണിക്ക് തുടക്കം കുറിച്ചതും പൂർത്തീകരിച്ചതും. 56 വീട്ടുകാർ ചേർന്ന് ആരംഭിച്ച പള്ളി പണി 10 മാസംകൊണ്ട് പൂർത്തീകരിച്ച് 1978 സെപ്തംബർ 16-ാം തിയ്യതി ഇരിങ്ങാലക്കുട രൂപത മെത്രാൻ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് കൂദാശാകർമ്മം നിർവ്വഹിച്ചു.

## ഇടവക

അഭിവന്ദ്യപിതാവിന്റെ കല്പന നമ്പർ 821/82 DL4/82 പ്രകാരം 16.01.1983-ൽ തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ഈ പള്ളി ഇടവകയായി ഉയർത്തപ്പെട്ടു. ഇടവകയുടെ തെക്കും കിഴക്കും അതിർത്തികൾ വനംവകുപ്പിന്റെ തേക്കിൻതോട്ടവും, പടിഞ്ഞാറ് വീരഞ്ചിറ തോടും, വടക്ക് ചെമ്പൻകുന്ന് റോഡുമാണ് അതിർത്തികൾ.

ചായ്പൻകുഴി വികാരിയായിരുന്ന ബഹു. പോൾ എ. അമ്പൂക്കനച്ചനായിരുന്നു, സ്വതന്ത്ര ഇടവകയുടെ പ്രഥമ വികാരി. തുടർന്ന് ചായ്പൻകുഴി പള്ളിയിലെ വികാരിമാരാണ് ഇവിടെയും വികാരിമാരായി നിയമിതരായത്.

## സിമിത്തേരി, വൈദികമന്ദിരം

1978-ൽ പണിതീർത്ത സിമിത്തേരി 1999-ൽ പുതുക്കിപ്പണിതു. 1994-ൽ ഇടവകജനത്തിന്റെ പരിശ്രമ ഫലമായി വൈദികമന്ദിരത്തിന്റെ പണി പൂർത്തിയാക്കി.

## കപ്പേള, ഗ്രോട്ടോ

1981-ൽ രണ്ടുകൈ ജംഗ്ഷനിൽ കള്ളിയത്തുപറമ്പിൽ ദേവസ്സിക്കുട്ടി ദാനംചെയ്ത സ്ഥലത്ത് വി. അന്തോണീസിന്റെ നാമത്തിൽ ഒരു കപ്പേള സ്ഥാപിച്ചു. 2007-ൽ ഈ കപ്പേള പുതുക്കിപ്പണിത് 2008 ജനുവരി 25-ാം തിയ്യതി അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ആശീർവദിച്ചു. 2001-ൽ വീരഞ്ചിറയിൽ പുല്ലോക്കാരൻ അന്തോണി വർഗ്ഗീസ് ദാനംചെയ്ത സ്ഥലത്ത് പരി. മാതാവിന്റെ ഒരു ഗ്രോട്ടോ പണിതീർത്തിട്ടുണ്ട്.



പരി. മാതാവിന്റെ ഗ്രോട്ടോ, വീരഞ്ചിറ



സെന്റ് ആന്റണീസ് കപ്പേള
രണ്ടുകൈ



സെന്റ് ജോസഫ് കപ്പേള
അരിച്ചാംകുഴി

## കോൺവെന്റ്

1998-ൽ ഇടവകയിൽ സി.എം.സി. സഹോദരിമാരുടെ ഉദയ പ്രോവിൻസിന്റെ കീഴിലുള്ള ഒരു മഠം - കാർമ്മൽഗിരി കോൺവെന്റ് - സ്ഥാപിതമായി.

കുറ്റിക്കാട് ഫൊറോനയുടെ ഭാഗമായിരുന്ന വീരഞ്ചിറ ഇടവക ഇപ്പോൾ കൊടകര ഫൊറോനയുടെ ഭാഗമാണ്.

## സ്ഥിരവാസമുള്ള വികാരി

2001 ജനുവരിയിൽ ഇടവകയിൽ സ്ഥിരവാസമുള്ള വികാരിയായി ബഹു. ഫാ. ആന്റോ ജി. ആലപ്പാട്ട് ഇദംപ്രഥമമായി നിയമിതനായി. 2002-ൽ റവ. ഫാ. നിക്സൻ ചാക്കോര്യ ആരംഭിച്ച ആരാധന ഇപ്പോഴും തുടർന്നുവരുന്നു.



കാർമ്മൽഗിരി സി.എം.സി. കോൺവെന്റ്

## നവീന ദേവാലയം

ദേവാലയത്തിന്റെ രജതജൂബിലി ഉദ്ഘാടന ദിനമായ 2002 സെപ്തംബർ 16-ന് പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനം അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ മെത്രാൻ നിർവ്വഹിച്ചു. ബഹു. നിക്സൻ ചാക്കോര്യ അച്ചനാണ് പള്ളിപണിക്ക് നേതൃത്വം നൽകിയത്. 249 കുടുംബങ്ങളുള്ള വീരഞ്ചിറ ഇടവകയുടെ പുതുക്കിപ്പണിത ദേവാലയം 2005 ജനുവരി 26-ന് അഭിവന്ദ്യ പിതാവ് മാർ ജെയിംസ് പഴയാറ്റിൽ കൂദാശാകർമ്മം നിർവ്വഹിച്ചു.

പള്ളിയ്ക്കു ചുറ്റും സ്ഥാപിച്ചിട്ടുള്ള കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങളും നോമ്പുകാല പ്രാർത്ഥനയും ഈ ദേവാലയത്തിന്റെ പ്രത്യേകതയാണ്.